11

# ന്യായപ്രമാണ നിവർത്തീകരണം

## (5:17– 20)

മശിഹയെ ആളുകൾ പ്രതീക്ഷയോടെ കാത്തിരുന്നു, എന്നാൽ അവൻ എങ്ങനെയിരിക്കുമെന്നതു മനസിലാക്കുവാൻ പുരുഷാരത്തിനു കഴിഞ്ഞില്ല. അവന്റെ ധീരവും ആധികാരികവുമായ പാഠങ്ങൾ, ന്യായപ്രമാണത്തെ മാനിക്കാത്തതും എതിരുമാണെന്ന് അവർക്ക് തോന്നി. തീർച്ചയായും ഒന്നും സത്യത്തിൽനിന്നും വിദൂരമായിരുന്നില്ല. യേശു തന്നെ അത് ഈ വാക്യങ്ങളിൽ വ്യക്തമാക്കി. ഈ ഭാഗം (5:17–20) മലമ്പ്രസംഗത്തിന്റെ മുഖ്യഭാഗമാണ് (5:17–7:12). അത് നമ്മെ അദ്ധ്യായത്തിന്റെ ശേഷിച്ച ഭാഗങ്ങളിലെ ഉപദേശത്തിലേക്ക് നയിക്കുന്നു (5:21–48), പൊള്ളയായ ചിന്തയിൽനിന്ന് അല്ലെങ്കിൽ തെറ്റായ ചിന്തയിൽനിന്നും ന്യായപ്രമാണത്തെ തെറ്റായി വ്യാഖ്യാനിച്ചതിനെ യേശു അവിടെ പൊതുവിൽ അംഗീകരിച്ചിരുന്നതിനെ തിരുത്തുകയായിരുന്നു.

### "നീക്കു ... വാനല്ല" (5:17)

**17"ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നത്."**

**വാക്യം 17.** തെറ്റിദ്ധാരണ നീക്കുവാനുള്ള യേശുവിന്റെ മുന്നറിയിപ്പായിരുന്നു **വിചാരിക്കരുത്** എന്നത് (10:34 നോക്കുക). അതേ രീതിയിലുള്ളതാണ് പൗലൊസിന്റെ ലേഖനങ്ങളിലെ "നിങ്ങൾ അറിയാതിരിക്കരുത് എന്നു ഞാൻ/ഞങ്ങൾ ആഗ്രഹിക്കുന്നു" എന്ന പ്രയോഗം (റോമർ 11:25; 1 തെസ. 4:13). താൻ **ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ** നീക്കുവാനല്ല വന്നത് എന്നു യേശു വീണ്ടും ഉറപ്പിച്ചു പറയുന്നു. എല്ലാ ഇംഗ്ലീഷ് ബൈബിളുകളിലും "ലാ" എന്നതു വലിയ അക്ഷരത്തിൽ കൊടുത്തിരിക്കുന്നത് മോശെ മുഖാന്തരം കൊടുത്ത ചട്ടങ്ങളും നിയമാവലികളുമടങ്ങുന്ന ന്യായപ്രമാണമാണെന്ന് തർജിമക്കാർക്ക് മനസിലായെന്നു കരുതാം.[1] മോശെയുടെ ന്യായപ്രമാണം ജാതികളുടെ ദേശത്തിനായിരുന്നില്ല, ദൈവം തിരഞ്ഞെടുത്ത യിസ്രായേൽ ദേശത്തിനു കൊടുത്തതായിരുന്നു. അത് അബ്രഹാമിന്റെ എല്ലാ സന്തതികൾക്കുമായിരുന്നില്ല, ഉദാഹരണമായി ഇസ്മായേലിന്റെ പിൻഗാമികൾക്ക് അതു നൽകിയിരുന്നില്ല.

ഇസഹാക്ക് മുഖാന്തരം അബ്രഹാമിന്റെ സന്തതിയായി ഒരു യെഹൂദനായി ജീവിച്ച യേശു ജീവിച്ചതും മരിച്ചതും മോശെയുടെ ന്യായപ്രമാണപ്രകാരമായിരുന്നു. അവൻ മാത്രമായിരുന്നു ന്യായപ്രമാണം പൂർണ്ണമായി അനുസരിച്ച വ്യക്തി (എബ്രാ. 4:15; 5:8, 9). അവൻ ന്യായപ്രമാണത്തെ അതിയായി ബഹുമാനിച്ചിരുന്നു, ഒരിക്കലും അതിനെ ചെറുതാക്കി കാണിച്ചിരുന്നില്ല. എവിടെയായിരുന്നാലും, യെഹൂദ റബ്ബിമാർ ന്യായപ്രമാണത്തെ വഷളാക്കിയ

പ്പോഴെല്ലാം യേശു അതിനെ കുറ്റപ്പെടുത്തിയിരുന്നു, അല്ലാതെ ന്യായപ്രമാണ ത്തെയല്ല. വെറുതെ ന്യായപ്രമാണം-പാലിച്ചതുകൊണ്ടുമാത്രം യിസ്രായേൽ ജനം ന്യായീകരിക്കപ്പെട്ടിരുന്നില്ല; അനുസരണമുള്ള ഹൃദയത്താൽ അവർ അതിനു കീഴ്പ്പെട്ട് ജീവിച്ച് ആദരിക്കണമായിരുന്നു (റോമ. 2:13–16, 25–29; 3:20 നോക്കുക).

മനുഷ്യന്റെ വീഴ്ച്ച കാരണം പെട്ടെന്നു പകരമായി രൂപപ്പെടുത്തിയതാ യിരുന്നില്ല ന്യായപ്രമാണം. ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിയിൽ അതിനു എപ്പോഴും സ്ഥാനമുണ്ടായിരുന്നു. ദൈവിക ഉദ്ദേശം നിറവേറ്റുവാനായിരുന്നു അത് യിസ്രായേലിനു നൽകിയത്. റോമാക്കാരോട് പൗലൊസ് പറഞ്ഞു, "ആക യാൽ ന്യായപ്രമാണം വിശുദ്ധം, കൽപന വിശുദ്ധവും, ന്യായവും, നല്ലതും തന്നെ." ന്യായപ്രമാണം "ആത്മികം" എന്നു നാം അറിയുന്നുവല്ലൊ (റോമ. 7:12, 14). ഗലാത്യർക്ക് അവൻ എഴുതി, "നാം വിശ്വാസത്താൽ നീതീകരിക്കപ്പെ ടേണ്ടതിന്നു ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്ക് നടത്തുവാൻ ന മുക്ക് ശിശുപാലകനായി ഭവിച്ചു" (ഗലാ. 3:24). ആതുകൊണ്ട്, ന്യായപ്രമാണം ദൈവപദ്ധതിക്ക് എതിരായിരുന്നില്ല. ആളുകൾക്ക് സ്വയം രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല എന്നു കാണിക്കേണ്ടതിനും, ക്രിസ്തുവിങ്കലേക്ക് ആളുകളെ നടത്തേണ്ടതിനുമായിരുന്നു അത് (റോമ. 7:7–11; 8:3, 4; ഗലാ. 3:22–29).

എങ്ങനെയായാലും, ന്യായപ്രമാണം വാസ്തവത്തിലുള്ള വീണ്ടെടുപ്പിന്റെ ഉറവിടമായി ഉദ്ദേശിച്ചതല്ലായിരുന്നു (ഗലാ. 3:21). ആളുകൾക്ക് ന്യായപ്രമാണം പൂർണ്ണമായി പാലിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അവർക്ക് രക്ഷിക്കപ്പെ ടാമായിരുന്നു. പക്ഷെ അവർക്ക് അതിനു കഴിയുകയില്ല എന്ന് ദൈവത്തിന് അറിയാമായിരുന്നു. പ്രശ്നം ന്യായപ്രമാണത്തിന്റേതായിരുന്നില്ല, പിന്നെയോ ആളുകളുടെ കഴിവില്ലായ്മയും ദൈവത്തിന്റെ നീതിവഴികൾ പിൻപറ്റുവാനു ള്ള മനസില്ലായ്മയുമായിരുന്നു പ്രശ്നം (റോമ. 7:14–25).

നമുക്ക് സ്വയമായി ചെയ്യുവാൻ കഴിയാത്തതു ചെയ്യുവാൻ ദൈവം തന്റെ പുത്രനെ നമുക്ക് വേണ്ടി അയച്ചു - അതായതു ന്യായപ്രമാണം പൂർണ്ണമായി പാ ലിക്കുവാൻ (2 കൊരി. 5:21). നമ്മുടെ പാപങ്ങൾക്കുള്ള ഒരു തികഞ്ഞ യാഗ മായി തീരുവാൻ കൂടെയാണ് അവൻ വന്നത് (റോമ. 5:12–21; എബ്രാ. 10:5–10; 1 പത്രൊ. 2:21–25). താൻ സ്വയമായി ന്യായപ്രമാണം തികച്ചും അനുസരിക്കു കമാത്രമല്ല; നമ്മുടെ വേദഭാഗം പറയുന്നതുപോലെ, തന്റെ കാലയളവിലുള്ള വരെ ന്യായപ്രമാണം അനുസരിക്കുവാൻ പ്രബോധിപ്പിക്കുകയും ചെയ്തു (19:16–22; ലൂക്കൊ. 10:25–28).

ആ വാക്യത്തിൽ, താൻ ന്യായപ്രമാണത്ത കുറിച്ച് പഠിപ്പിച്ചതിനെ തെറ്റിദ്ധ രിച്ചതു തിരുത്തുകയായിരുന്നു. റബ്ബിമാരുടെ പാരമ്പര്യം ന്യായപ്രമാണത്തിനു തുല്യമാണെന്നായിരുന്നു പരീശന്മാരും ശാസ്ത്രിമാരും വിചാരിച്ചിരുന്നത്. ആ പാരമ്പര്യത്തെ യേശു പരസ്യമായി എതിർത്തതുകൊണ്ടും, അവ പ്ര മാണിക്കുവാൻ മനസു കാണിക്കാതിരിക്കയും ചെയ്തതിനാൽ, അവൻ ന്യ ായപ്രമാണത്തെ നീക്കുവാൻ ശ്രമിക്കുന്നു എന്നു യെഹൂദപ്രമാണിമാർ വിചാ രിച്ചു (15:1–9 നോക്കുക). തീർച്ചയായും, അതായിരുന്നില്ല അവന്റെ ഉദ്ദേശം. അതിന്റെ ആദ്യ വിശുദ്ധിയോടെ ദൈവത്തിന്റെ പ്രമാണങ്ങൾ യഥാസ്ഥാന പ്പെടുത്തി അനുസരിപ്പിക്കുകയായിരുന്നു അവന്റെ ലക്ഷ്യം (19:1–9).

**ഞാൻ വന്നതു** എന്ന വാക്ക് ഞാൻ തന്നെയാണ് നിങ്ങൾ നോക്കിപ്പാർത്തി രുന്ന മശിഹാ എന്നതാണ് സൂചിപ്പിക്കുന്നത്. "വരുവാനുള്ളവൻ" എന്നതു

മശിഹാ പ്രയോഗമാണ് (സങ്കീ. 118:26; മലാ. 3:1; മത്താ. 11:2, 3; 21:9; യോഹ. 4:25). ന്യായപ്രമാണത്തെ വാസ്തവമായി വ്യാഖ്യാനിക്കുന്നവനായിരിക്കും മശിഹ എന്ന് ഒരു മുൻ കാഴ്ച്ചപ്പാടുണ്ടായിരുന്നു.

നാം സാധാരണ ചെയ്യുന്നതിൽനിന്നും വ്യത്യസ്തമായിട്ടായിരുന്നു യെഹൂദന്മാർ പഴയനിയമത്തെ വിഭജിച്ചിരുന്നത്. നാം തരം തിരിക്കുന്നത് നാലായിട്ടാണ് (ന്യായപ്രമാണം, ചരിത്രം, പദ്യം, പ്രവചനം), എബ്രായ ബൈബിളിൽ മുന്നു പിരിവുകളാണുള്ളത് (ന്യായപ്രമാണം, പ്രവചനങ്ങൾ, എഴുത്തുകൾ; ലൂക്കൊ. 24:44 നോക്കുക). പഴയനിയമത്തെ മുഴുവനായും "ന്യായപ്രമാണവും പ്രവാചകന്മാരും" എന്ന പേരിലാണ് അറിയപ്പെടുന്നുത് (7:12; 11:13; 22:40; പ്രവൃത്തി. 13:15; 28:23; റോമ. 3:21).

**"നീക്കുവാനല്ല, നിവർത്തിപ്പാനത്രെ ഞാൻ വന്നത്."** എന്നാൽ യേശു വന്നത് "നശിപ്പിക്കുവാനോ" "നീക്കം ചെയ്യുവാനോ" അല്ല, അവൻ വന്നത് "നിവർത്തിപ്പാൻ" അല്ലെങ്കിൽ "പൂർത്തീകരിപ്പാനാണ്." "നീക്കം ചെയ്യുക" എന്നതിനു അവൻ ഉപയോഗിച്ച ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് "നശിപ്പിക്കുക," അല്ലെങ്കിൽ "അസാധുവാക്കുക," അല്ലെങ്കിൽ "വിലയില്ലാതാക്കുക" എന്നാണ്. "നിവർത്തിക്കുക"എന്നതിന്റെ ഗ്രീക്ക് അർത്ഥമാക്കുന്നത് "പൂർണ്ണമാക്കുക," "പൂർത്തീകരിക്കുക," അല്ലെങ്കിൽ "അവസാനിപ്പിക്കുക" എന്നാണ്. ന്യായപ്രമാണം നീക്കുന്നതിനു പകരം, യേശു അതിന്റെ ഉദ്ദേശം നിവർത്തീകരിച്ച ശേഷം, അവൻ ക്രൂശിൽ മരിച്ചപ്പോൾ അതു നീങ്ങപ്പെട്ടു (റോമ 10:4; എഫേ 2:15). ആ സമയത്ത് ന്യായപ്രമാണം "മരിച്ചു," പിന്നെ അതു പ്രമാണിക്കേണ്ട ബാദ്ധ്യത നിലനിൽക്കുന്നില്ല (റോമ 7:4; ഗലാ 3:25; 5:1–4). അവന്റെ ഉയിർപ്പിനു ശേഷം "അതു നിവർത്തിയായി" എന്നു യേശു തന്റെ അപ്പോസ്തലന്മാരോടു പറഞ്ഞു (ലൂക്കോ 24:44). ന്യായപ്രമാണത്തിന്റെ ഒരു ഭാഗവും അവൻ പൂർത്തിയാക്കാതിരുന്നില്ല, അവനെക്കുറിച്ചുള്ള ന്യായപ്രമാണ പ്രവചനങ്ങളൊന്നും നിവർത്തിയാകാതെയുമിരുന്നില്ല. ഇന്ന് ആരെങ്കിലും ന്യായപ്രമാണത്തിന്റെ ഒരു ഭാഗം നിലനിൽക്കുന്നു എന്നു പറഞ്ഞാൽ അയാൾ ദൈവ പദ്ധതിയിൽ ഉൾപ്പെടാത്തതിനെ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

## "ഒരു ചെറിയ വള്ളിയെങ്കിലും പുള്ളിയെങ്കിലും" (5:18)

**18സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവർത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നും ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞു പോകയില്ല."**

**വാക്യം 18. "സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു."** എന്ന വാക്കുകളാൽ യേശു തന്റെ മുഖവുര ഉറപ്പിക്കയാണ്. "സത്യമായിട്ട്" എന്നതിന്റെ ഗ്രീക്കിൽ നമ്മുടെ ഇംഗ്ലീഷ് വാക്ക് "ആമേൻ" മറഞ്ഞിരിക്കുന്നു. യേശു തന്റെ പ്രസ്താവനകളിൽ ഈ പ്രത്യേക വാക്ക് ഉപയോഗിക്കുന്നതിനു പകരം ആദ്യമായാണ് ഉപയോഗിച്ചിരിക്കുന്നത്. "ഞാൻ നിങ്ങളോടു പറയുന്നു" എന്നത് ഈ അദ്ധ്യായത്തിൽ യേശു ദൈവേഷ്ടം ആധികാരികമായി എടുത്തുകാണിക്കുവാൻ പറഞ്ഞിരിക്കുന്നു (5:20, 22, 26, 28, 32, 34, 39, 44).

**"സകലവും നിവർത്തിയാകുവോളം ന്യായപ്രമാണത്തിൽ ഒരു വള്ളി യെങ്കിലും പുള്ളിയെങ്കിലും നീങ്ങിപ്പോകുകയില്ല. എന്നാണ് യേശു പ റഞ്ഞത്."**[2] "ചെറിയ വള്ളി," അല്ലെങ്കിൽ "പുള്ളി" (കെജെവി) അക്ഷരീക മായി ഗ്രീക്കിൽ "ഒരു അയോട്ടാ." "അയോട്ടാ" എന്നത് ഗ്രീക്കിലെ എറ്റവും ചെറിയ അക്ഷരമാലയാണ്. എബ്രായ ഭാഷയിലായിരുന്നു ന്യായപ്രമാണം ആദ്യം എഴുതിയത്, അതിലെ ഏറ്റവും ചെറിയ അക്ഷരം "യോഡ്."“സ്ട്രോക്” അല്ലെങ്കിൽ "ടൈറ്റിൽ" (കെജെവി) ഗ്രീക്ക് വാക്കിൽനിന്നു വരുന്ന വാക്ക് പ്ര ത്യേകമായി "ഹോൺ" എന്നു പറയുന്നു. ഒരു എബ്രായ വാക്ക് മറ്റൊന്നിൽ നിന്നു വേർതിരിച്ച് കാണിക്കുവാൻ ഉപയോഗിക്കുന്ന ചെറിയ അടയാളമാണ്. ഇംഗ്ലീഷിൽ അതേ തത്വം ചിത്രീകരിക്കുവാൻ "ഒരു 'i' ടെ പുള്ളിയും ഒരു 't' യുടെ വിലങ്ങനെയുള്ള അടയാളവും." ഓരോ പ്രവചനവും, അലങ്കാരവും, വാഗ്ദാനവും നിറവേറപ്പെടും. ക്രിസ്തു ക്രൂശിൽ അത് നിറവേറുന്നതുവരെ ന്യായപ്രമാണം യഹൂദന്മാരിൽ കെട്ടപ്പെടുകയും അതിന്റെ എല്ലാഭാഗവും പ്ര മാണിക്കുവാൻ അവർ ബാദ്ധ്യസ്ഥരുമായിരുന്നു.

ഇപ്പോൾ ഞാൻ ജീവിക്കുന്നത് പുതിയ നിയമമായ "ക്രിസ്തുവിന്റെ നിയമ ത്തിൻ കീഴിലാണ്" (ഗലാ 6:2). ഇന്ന് നാം പഴയ നിയമം അനുസരിക്കുവാനല്ല ദൈവം ആഗ്രഹിക്കുന്നത്. നാം അതിലെ തത്വങ്ങൾ എടുക്കത്തക്ക രീതിയിൽ യേശുക്രിസ്തുവിന്റെ പുതിയ നിയമത്തിൽ അവ അന്തർലീനമാക്കിയിരിക്കു ന്നു; നാം അത് അനുസരിക്കുന്നതിന്റെ കാരണം പുതിയ നിയമത്തിൽ ഉണ്ട് എന്നതാണ്, അല്ലാതെ പഴയ നിയമത്തിൽ ഉള്ളതുകൊണ്ടല്ല. പൗലോസ് എഴു തി, "ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന ഏല്ലാവർക്കും യേശു ക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നേ, ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു. അതിനു ന്യായപ്രമാണവും പ്രവാചക ന്മാരും സാക്ഷ്യം പറയുന്നു ..." (റോമ 3:21, 22). സുവിശേഷ വിവരണങ്ങളിൽ 120 പ്രാവശ്യത്തിലധികം, യേശു പറഞ്ഞു, "ഞാൻ നിങ്ങളോടു പറയുന്നു" (കെജെവി). അവൻ പറഞ്ഞു, എന്റെ വചനത്തെ കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവൻ, അവനെ ന്യായം വിധിക്കുന്നവനെയാണ് തള്ളിക്കളയു ന്നത്; ഞാൻ പറഞ്ഞ വാക്കുകൾ തന്നെ അന്ത്യ നാളിൽ ന്യായം വിധിക്കും" (യോഹ 12:48). പിന്നെ അവൻ പറഞ്ഞു, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോ കും, എന്നാൽ എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്താ. 24:35).

## "ഈ ചെറിയ കൽപനകളിൽ ഒന്ന്" പോലും (5:19)

**19"ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും."**

**വാക്യം 19**. പരീശന്മാരും ശാസ്ത്രിമാരും ന്യായപ്രമാണത്തെ മുഖ്യമായ വയും മുഖ്യമല്ലാത്തവയുമായി തരംതിരിച്ച്, ചില നിയമങ്ങൾ മറ്റുള്ളവയെ ക്കാൾ പ്രാധാന്യമുള്ളതായി വ്യാഖ്യാനിച്ചിരുന്നു. ജാക്ക്. പി. ലേവിസ് അവ രണ്ടും ഇങ്ങനെ താരതമ്യം ചെയ്തിരിക്കുന്നു:

> 613 കല്പനകളെ റബ്ബിമാർ ന്യായപ്രമാണത്തിൽ നിന്നു എടുത്ത് അപ്പനേയും അമ്മയേയും ആദരിക്കുന്ന ഒരു കല്പനയായി കണക്കിലെടുത്തു (പുറ. 20:12; ആവ. 5:16). ഒരു ഘനമുള്ള കല്പനയായി കാണുന്നു, എന്നാൽ ആവർത്തന പുസ്തകം 22:6 പക്ഷികളുടെ കൂടുകളെ സംബന്ധിക്കുന്നത് വലുതായിട്ടുമായിരുന്നു. എങ്ങനെയായാലും, ഒന്നും, ഉപേക്ഷിക്കേണ്ടവയായിരുന്നില്ല.[3]

മിഷ്ണ പറയുന്നു,

> മതപരമായ വിവിധ കടമകളിൽ ചെറിയ കല്പനയിലായാലും വലിയ കല്പനയിലായാലും പ്രതിഫലം സൂക്ഷ്മമായി വിലയിരുത്തുക പ്രയാസമാണ് ... ഏറ്റവും പ്രധാനപ്പെട്ടതിൽ ശ്രദ്ധിക്കുന്നതുപോലെ ചെറിയ കടമകളിലും ശ്രദ്ധിക്കയും ലംഘനം ഒഴിവാക്കുകയും വേണം. മതപരമായ ഒന്ന് ചെയ്യുന്നതിലൂടെ മറ്റൊന്ന് ചെയ്യുവാനായി നമ്മെ നയിക്കും.[4]

**ഈ കല്പനകളിൽ ഒന്നു പോലും** എന്ന പ്രയോഗം യേശു ഉപയോഗിക്കുമ്പോൾ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നമുക്ക് യേശു നല്കുന്നുണ്ടോ? പരീശന്മാരും ശാസ്ത്രിമാരും ചില നിയമങ്ങൾ മറ്റുള്ളവയെക്കാൾ പ്രാധാന്യമുള്ളതായി കണക്കാക്കിയിരുന്നതുകൊണ്ട്, *അവർ* “ചെറുതായി” മറ്റുള്ളവയെക്കാൾ ചിലതിനെ കാണുന്നത് അവഗണിക്കണം എന്നാണോ അവൻ പറഞ്ഞത്? ഒരുപക്ഷെ അല്ലായിരിക്കാം. ഏറ്റവും വലിയ കല്പനയെ യേശുതന്നെ തിരിച്ചറിയിക്കുന്നു (“ദൈവമായ കർത്താവിനെ സ്നേഹിക്കുക”), കൂടാതെ രണ്ടാമത്തേതും പറഞ്ഞിരിക്കുന്നു (“കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക”) (22:34-40). പരീശന്മാരും ശാസ്ത്രിമാരും നിസാരമായി കണക്കാക്കിയിരുന്ന കല്പനകളേയും അവൻ പറയുകയുണ്ടായി (തുളസി, ജീരകം, ചതകുപ്പ), എന്നാൽ ഘനമുള്ള കല്പന ഉപേക്ഷിക്കുന്നതായും പറഞ്ഞു (നീതി, കരുണ, വിശ്വസ്തത). ആ രണ്ടു തരത്തിലുള്ള കല്പനകളും അനുസരിക്കേണ്ടവയായിരുന്നു എന്നാണ് യേശു പറഞ്ഞത് (23:23).

അവർ **സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവരായിരിക്കും** എന്ന യേശുവിന്റെ ഉപദേശം വ്യക്തമാക്കുന്നത് മോശയുടെ ന്യായപ്രമാണം ആചരിക്കാത്ത ക്രിസ്ത്യാനികൾ തെറ്റുകാരാണ് എന്നല്ല. മറിച്ച്, ദൈവത്തെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യം സമാനതകൾ ഉപയോഗിച്ച് ഊന്നിപ്പറയുകയായിരുന്നു. ന്യായപ്രമാണം നിവർത്തീകരിക്കുന്നതിന്റെ വെളിച്ചത്തിലാണ് യേശു അതു പറഞ്ഞതെന്ന് മനസിലാക്കുന്നു. തിരുവെഴുത്തുകൾ അനുസരിക്കുക എന്നാൽ ക്രിസ്തുവിന്റെ നിയമത്തെ അനുസരിക്കുക എന്നാണ് അർത്ഥം.

## “നിങ്ങളുടെ നീതി പരീശന്മാരുടേയും ശാസ്ത്രിമാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ ...” (5:20)

**[20]“നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ലാ എന്നു ഞാൻ നിങ്ങളോടു പറയുന്നു.”**

**വാക്യം 20.** വിസ്തൃതമായ അർത്ഥത്തിൽ യേശു പറഞ്ഞു, **"നിങ്ങളുടെ നീതി ശാസ്ത്രിമാരുടേയും പരീശന്മാരുടേയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു."** "ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ, അവന്റെ ശിഷ്യന്മാർ യാന്ത്രികമായി അനുസരിച്ചാൽ മാത്രം പോര"[5] എന്നതിനായിരുന്നു അവൻ ഊന്നൽ നൽകിയത്. "പരീശന്മാരുടേയും ശാസ്ത്രിമാരുടേയും" നീതി അവരുടെ മതത്തിന്റെ ബാഹ്യമായ ചടങ്ങുകളും ആഘോഷങ്ങളും ചെയ്യുമ്പോൾ തന്നെ അവരുടെ ഉള്ളിൽ അഭക്തി ഭാവങ്ങൾ നിറഞ്ഞിരുന്നു. അത് ദൈവ നിയമത്തെ യുക്തിഹീനമായി ഉപയോഗിച്ചതിന്റെ തെളിവാണ്. ഹൃദയവിചാരങ്ങൾ നേരെയാക്കാതെ ബാഹ്യമായ ചടങ്ങുകൾ ചെയ്യുന്നതിൽ അർത്ഥമില്ല എന്നാണ് യേശു തന്റെ ശിഷ്യന്മാരെ ബോധ്യമാക്കിയത്. യേശു പിന്നീട് പരീശന്മാരോടും ശാസ്ത്രിമാരോടും പറഞ്ഞത്. പാത്രത്തിനുള്ളിൽ അഴുക്ക് വെച്ച്കൊണ്ട് പുറമേ വൃത്തിയാക്കിയാൽ പ്രയോജനമില്ലാ എന്നാണ് (23:26).

## പാഠങ്ങൾ

### യേശുവും ന്യായപ്രമാണവും (5:17-20)

യേശു വന്നത് മോശെയുടെ ന്യായപ്രമാണത്തെ "ഇല്ലാതാക്കുവാനല്ല" മറിച്ച്, "നിവർത്തിപ്പാനത്രേ." യഹൂദന്മാർ അവരുടെ വിവിധ വ്യാഖ്യാനത്താൽ, ചിലത് കൂട്ടിച്ചേർക്കയും, ചിലത് കുറക്കുകയും ചെയ്തു, ചിലതിനെ നീക്കുകയും ചെയ്തതിനെ യേശു വന്ന് യഥാസ്ഥാനപ്പെടുത്തുകയായിരുന്നു. അവൻ പുതിയ നിയമത്തെ പുതിയ യുഗത്തിനായി സ്ഥാപിക്കുമെന്നും പറഞ്ഞു - ക്രിസ്തീയ കാലത്തേക്ക്. കഴിഞ്ഞ രണ്ട് കാലങ്ങളിലെ നിത്യമായ പല തത്വങ്ങളും യേശു തന്റെ പുതിയ നിയമത്തിൽ ചേർത്തിരിക്കുന്നു. അവൻ നമുക്ക് അത് നൽകിയിരിക്കയാൽ നാം അനുസരിക്കണം, അല്ലാതെ അവ പഴയനിയമ ഭാഗമായതുകൊണ്ടല്ല (എബ്രാ 8:7–13).

---

കുറിപ്പുകൾ

[1]എങ്ങനെയായാലും, ഈ തീരുമാനത്തിലെത്തുമ്പോൾ സന്ദർഭം നോക്കേണ്ടതായിട്ടുണ്ട്. [2]ലൂക്കോ 16:17 നോക്കുക. റബ്ബിമാരുടെ എഴുത്തുകളിലും അതേ മുന്നറിയിപ്പുകൾ ഉപയോഗിച്ചിരിക്കുന്നു. *എക്സോഡസ് രബ്ബാ* 6.1 പറയുന്നു, "ന്യായപ്രമാണത്തിന്റെ വള്ളിപോലും ഒരിക്കലും നീക്കരുത്." [3]ജാക്ക് പി. ലേവിസ്, *ദ ഗോസ്പൽ എക്കോഡിങ് ടു മാത്യൂ,* പാർട്ട് 1, ദ ലിവിങ് വേഡ് കമന്ററി (ആസ്റ്റിൻ,ടെക്സ്.: സ്വീറ്റ് പബ്ലിഷിംഗ് കമ്പനി., 1976), 87. [4]മിഷ്ണ *അബോത്ത്* 2.1; 4.2. [5]ലേവിസ്, 88.